"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- ദർശനാവട്ടം ഗുരുദേവ് യു പി എസിലെ എൽ.ജി. ഹിന്ദി അധ്യാപകനായ ശ്രീ.കെ.എസ്. അഭിലാഷിന്റെ നിയമനം അംഗീകരിച്ച് കൊണ്ട് ഉത്തരവാകുന്നു

---

**പൊതവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2144/2022/GEDN   തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:-

1. ദർശനാവട്ടം ഗുരുദേവ് യു പി എസിലെ എൽ.ജി. ഹിന്ദി അധ്യാപകനായ ശ്രീ അഭിലാഷ് 01/01/2021 തീയതിയിൽ സമർപ്പിച്ച അപേക്ഷ
2. 15/07/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എഫ്1/3867/2021/ഡി.ജി.ഇ നമ്പർ കത്ത്.
3. 24/01/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എഫ്1/3867/2021/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ദർശനാവട്ടം ഗുരുദേവ് യു പി എസിലെ എൽ.ജി. ഹിന്ദി അധ്യാപകനായ ശ്രീ അഭിലാഷിന് 10/06/2010 മുതലുള്ള നിയമനാംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം സമർപ്പിച്ച പരാമർശം 1 അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. 51 ബി അവകാശിയായ ശ്രീ. കെ .എസ് .അഭിലാഷിനെ 10/06/2010 മുതൽ മാനേജർ നിയമിച്ചു. പ്രസ്തുത സ്കൂൾ പുതിയ സ്കൂളുകളുടെ ഗണത്തിൽ പെട്ടതിനാൽ നിയമനാംഗീകാരം

ലഭിച്ചില്ല. തുടർന്ന് സംരക്ഷിത അധ്യാപകനെ നിയമിച്ച തീയതിയായ 01/06/2011 മുതൽ ശ്രീ. അഭിലാഷ് ഉൾപ്പെടെ 5 പേർക്ക് പാക്കേജിൽ ഉൾപ്പെടുത്തി നിയമനാംഗീകാരം നൽകുകയും ചെയ്തു. തുടർന്ന് അപ്രകാരം അംഗീകാരം ലഭിച്ച ശ്രീമതി ദിവ്യ ജി നായർ , ശ്രീമതി ജെഫ്ന എ എസ് എന്നിവർ നിയമന തീയതി മുതൽ അംഗീകാരം ആവശ്യപ്പെട്ട് സർക്കാരിൽ ഹർജി സമർപ്പിക്കുകയും സ്ഥിരീകരിക്കപ്പെട്ട ഒഴിവിൽ നിയമിച്ച അധ്യാപകർക്ക് സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടുണ്ട് എങ്കിൽ നിയമന തീയതി മുതൽ അംഗീകാരം നൽകാവുന്നതാണ് എന്നതിനാൽ ടി അധ്യാപകർക്ക് നിയമന തീയതി മുതൽ അംഗീകാരം നൽകാൻ സർക്കാർ നിർദ്ദേശം നൽകിയതിനെ തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമന തീയതി മുതൽ അംഗീകാരം നൽകി. അതിനാൽ ശ്രീ അഭിലാഷിനും നിയമന തീയതി ആയ 10/06/2010 മുതൽ അംഗീകാരം ലഭിക്കണമെന്നാണ് ആവശ്യം.

3. 27/08/2014 ലെ 29750/ജെ2/14/പൊ വി വ നമ്പർ അനൌദ്യോഗിക കുറിപ്പ് പ്രകാരം 03/04/2014 ലെ ബഹു. സുപ്രീം കോടതിയുടെ RP NO. 347-348/14 ബാധകമാക്കാവുന്ന സമാന കേസുകളിൽ എല്ലാം തന്നെ സ്ഥിരീകരിക്കപ്പെട്ട ഒഴിവിൽ നിയമനം നടത്തിയ കേസുകളിൽ മാനേജർ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെങ്കിൽ നിയമന തീയതി മുതൽ അംഗീകാരം നൽകാവുന്നതാണെന്ന സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടെന്നും ശ്രീമതി ദിവ്യ ജി നായർക്ക് നിയമന തീയതിയായ 27/01/2005 മുതൽ അംഗീകാരം നൽകുന്നതിന് 31/12/2014 ലെ സ.ഉ(സാധാ)നം.5791/2014/പൊ വി വ പ്രകാരവും ശ്രീമതി ജെഫ്ന എ എസ് ന് 01/06/2010 മുതൽ നിയമനാംഗീകാരം നൽകുവാൻ 24/08/2019 ലെ എച്ച്1/13/2019/പൊ വി വ നമ്പർ കത്തിലൂടെയും അംഗീകാരം നൽകിയെന്നും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ,കെ എസ്

അഭിലാഷിനും നിയമന തീയതിയായ 10/06/2010 മുതൽ അംഗീകാരം നൽകണമെന്നതാണ് അപേക്ഷ.

4. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു

5. 27/08/2014 ലെ 29750/ജെ2/14/പൊ വി വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം 03/04/2014 ലെ ബഹു. സുപ്രീം കോടതിയുടെ RP NO. 347-348/14 ബാധകമാക്കാവുന്ന സമാന കേസുകളിൽ എല്ലാം തന്നെ സ്ഥിരീകരിക്കപ്പെട്ട ഒഴിവിൽ നിയമനം നടത്തിയ കേസുകളിൽ മാനേജർ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെങ്കിൽ നിയമന തീയതി മുതൽ അംഗീകാരം നൽകാവുന്നതാണെന്ന സ്പഷ്ടീകരണം നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.കെ എസ് അഭിലാഷിനും നിയമന തീയതിയായ 10/06/2010 മുതൽ അംഗീകാരം നൽകാവുന്നതാണ്.

6. മേൽ സഹചര്യത്തിൽ ശ്രീ. കെ എസ് അഭിലാഷിന് നിയമന തീയതിയായ 10/06/2010 മുതൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കിളിമാനൂർ

അഭിലാഷ്.കെ.എസ്, ഹിന്ദി ടീച്ചർ, ഗുരുദേവ് .യു.പി.സ്കൂൾ, ദർശനാവട്ടം (കിളിമാനൂർ സബ്

ഡിസ്ട്രിക്ട്) - 695102

മാനേജർ, ഗുരുദേവ് .യു.പി.സ്കൂൾ, ദർശനാവട്ടം - 695102

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 31-03-2022 15:47:37**
സെക്ഷൻ ഓഫീസർ